## കേരള സർക്കാർ

സംഗ്രഹം

പൊതുമരാമത്ത് വകുപ്പ് - നിരത്തു വിഭാഗം - സംസ്ഥാനത്തെ സ്റ്റേറ്റ് ഹൈവേ, എം.ഡി.ആർ, ഒ.ഡി.ആർ എന്നിവയുടെ പുനരുദ്ധാരണം - പഞ്ചായത്തീരാജ് നിയമം, പൊതുമരാമത്ത് വകുപ്പ് മാന്വലിലെ വ്യവസ്ഥകൾ എന്നിവയിൽ ഒറ്റത്തവണ ഇളവ് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുമരാമത്ത് (ജി) വകുപ്പ്**

**സ.ഉ (സാധാ)നം. 57/2011/പൊ.മ.വ തിരുവനന്തപുരം, തീയതി 11-1-2011**

---

പരാമർശം: 1. സ.ഉ (എം.എസ്) 131/96/പി.ഡബ്ല്യു&റ്റി. തീയതി 28-11-1996
2. സ.ഉ (എം.എസ്) നമ്പർ 52/09/പൊ.മ.വ തീയതി 14-8-09.
3. സ.ഉ (എം.എസ്) നമ്പർ. 57/10/പൊ.മ.വ തീയതി. 14-09-10.

**ഉത്തരവ്**

സംസ്ഥാനത്തെ വളരെ മോശവും മോശവുമായ സ്റ്റേറ്റ് ഹൈവേ, എം.ഡി.ആർ, ഒ.ഡി.ആർ എന്നിവയുടെ പുനരുദ്ധാരണത്തിനായി പരാമർശം (3) പ്രകാരം 718 കോടി രൂപ അനുവദിക്കുകയുണ്ടായി.

2. സംസ്ഥാനത്ത് പഞ്ചായത്തീരാജ് നിയമം 1994-ൽ നിലവിൽ വന്നതിനു ശേഷം പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുണ്ടായിരുന്ന എല്ലാ വില്ലേജ് റോഡുകളും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് കൈമാറികൊണ്ട് ഉത്തരവായി. തദ്ദേശ സ്വയംഭരണ വകുപ്പുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ 7385 കി.മീ ഒ.ഡി.ആർ, വില്ലേജ് റോഡ് എന്നിവ എം.ഡി.ആർ ആയി ഉയർത്തി പൊതുമരാമത്ത് വകുപ്പിൽ നിലനിർത്താൻ പരാമർശം (2) പ്രകാരം ഉത്തരവായിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് കൈമാറ്റം ചെയ്യപ്പെട്ട റോഡുകളിൽ ജില്ലാപഞ്ചായത്തുകൾ ഏറ്റെടുത്ത് പുനരുദ്ധരിക്കാതെ കിടക്കുന്ന റോഡുകളിൽ വളരെ മോശം, മോശം വിഭാഗത്തിൽപ്പെട്ട 3798.307 കി.മീ റോഡുകൾ പരാമർശം (3) പ്രകാരം പുനരുദ്ധരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ടി റോഡുകൾ പൊതുമരാമത്ത് വകുപ്പ് മുഖാന്തിരം പുനരുദ്ധരിക്കാനായി 1994 -ലെ പഞ്ചായത്തീരാജ് നിയമത്തിൽ അയവു വരുത്തി സൂചന (1) ഉത്തരവിന് ഇളവ് അനുവദിക്കേണ്ടതുണ്ട്. കൂടാതെ കേരള പൊതുമരാമത്ത് വകുപ്പ് മാന്വലിൽ, റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ 5 വർഷത്തിലൊരിക്കൽ മാത്രമേ നടത്താവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ 5 വർഷത്തിനുള്ളിൽ തന്നെ

പുനരുദ്ധാരണം നടത്തിയ ചില റോഡുകളുടെ സ്ഥിതി വളരെ മോശമായി മാറിയതിനാൽ പ്രസ്തുത റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾകൂടി ചെയ്യുന്നതിനായി പൊതുമരാമത്ത് വകുപ്പ് മാന്വലിന്റെ 17.3.3 ചട്ടത്തിൽ ഇളവ് നൽകി അനുവദിക്കേണ്ടതുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാനത്തെ സ്റ്റേറ്റ് ഹൈവേ, എം.ഡി.ആർ, ഒ.ഡി.ആർ എന്നിവയുടെ പുനരുദ്ധാരണ പ്രവൃത്തികൾ ചെയ്യുന്നതിനായി പൊതുമരാമത്ത് വകുപ്പ് മാന്വലിലെ XVII-ാം അദ്ധ്യായത്തിലെ 17.3.3 ഖണ്ഡത്തിലെ നിബന്ധനക്ക് ഒറ്റത്തവണ ഇളവ് അനുവദിച്ചുകൊണ്ടും തദ്ദേശ സ്വയം ഭരണ വകുപ്പിന് കൈമാറിയ ഒ.ഡി.ആറുകൾ പൊതുമരാമത്ത് വകുപ്പ് മുഖേന ഒറ്റത്തവണത്തേക്ക് പുനരുദ്ധരിക്കുന്നതിനായി പരാമർശം (1) ലെ ഉത്തരവിന് ഇളവ് നൽകികൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിശ്വനാഥ് സിൻഹ,
ഗവ. സെക്രട്ടറി.

ചീഫ് എഞ്ചിനീയർ (നിരത്തുകളും പാലങ്ങളും വിഭാഗം)
തിരുവനന്തപുരം
സൂപ്രണ്ടിംഗ് എഞ്ചിനീയർ, നിരത്തുകളും പാലങ്ങളും വിഭാഗം,
ദക്ഷിണ മേഖല തിരുവനന്തപുരം, മദ്ധ്യ മേഖല ആലുവ, ഉത്തര മേഖല, കോഴിക്കോട്
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം
പൊതുഭരണ (എസ്.സി) വകുപ്പ് (5-1-2011 -ലെ 5566 നമ്പർ ഇനം പ്രകാരം)
ധനകാര്യ വകുപ്പ്
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
തദ്ദേശ സ്വയം ഭരണ വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Ajaya Kumar
സെക്ഷൻ ഓഫീസർ